**Lalith Babu**

# സെക്രട്ടറിയേറ്റും ലൈൻ വകുപ്പുകളും

സർക്കാർ സ്ഥാപനങ്ങളെ അതിന്റെ പ്രവർത്തനത്തിന്റെ സ്വഭാവമനുസരിച്ച് സെക്രട്ടറിയേറ്റ് വകുപ്പുകളെന്നും ലൈൻ വകുപ്പുകളെന്നും **(Line Departments)** തരം തിരിച്ചിട്ടുണ്ട്. സംസ്ഥാന ഭരണത്തിന്റെ ജനറൽ ഹെഡ്ക്വാർട്ടേഴ്സാണ് സെക്രട്ടറിയേറ്റ്. അഡ്മിനിസ്ട്രേഷനും പൊളിറ്റിക്സും തമ്മിൽ കോർത്തിണക്കുന്ന കണ്ണിയാണ് സെക്രട്ടറിയേറ്റ്. വകുപ്പുകളുടെ രാഷ്ട്രീയ തലവൻമാർ മന്ത്രിമാരാണ്. മന്ത്രിമാരുടെ നിർദേശപ്രകാരം വകുപ്പ് തലവൻമാരായ ഗവൺമെൻറ് സെക്രട്ടറിമാർ പ്രവർത്തിക്കുന്നു. ലൈൻ വകുപ്പുകളും സെക്രട്ടറിയേറ്റിന്റെ നിയന്ത്രണത്തിലാണ്

ഉദാ:- സെക്രട്ടറിയേറ്റിലെ ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലൈൻ വകുപ്പുകളാണ് ട്രഷറി, ലോക്കൽ ഫണ്ട് ഓഡിററ്, നാഷണൽ സേവിംഗ്സ് എന്നിങ്ങനെയുള്ള വകുപ്പുകൾ. സെക്രട്ടറിയേറ്റ് വകുപ്പിന്റെയും ലൈൻ വകുപ്പിന്റെയും തലവൻമാർ സെക്രട്ടറിമാരാണ്. കമ്മീഷണർ, ഡയറക്ടർ എന്നിങ്ങനെയുള്ളവർക്കാണ് ലൈൻ വകുപ്പിന്റെ എക്സിക്യൂട്ടീവ് ചുമതല. ലൈൻ വകുപ്പുകൾ കൂടാതെ **statutory corporations, Government companies, cooperatives, institutions** എന്നിങ്ങനെയുള്ള സ്ഥാപനങ്ങളും ഫീൽഡ് ഓർഗനൈസേഷനിൽ ഉൾപ്പെടുന്നു. ഇവയെ എല്ലാം ചേർത്തു **"instrumentalities of the State"** എന്ന് വിളിക്കുന്നു **(Article 12 of the Constitution)**.

സർക്കാരിന്റെ നയങ്ങളും തീരുമാനങ്ങളും നടപ്പാക്കുന്നതിനും ജനങ്ങളുടെ ആവശ്യം പ്രാദേശികതലത്തിൽ തന്നെ നിറവേറ്റുന്നതിനും **(extended service)** ലൈൻ വകുപ്പുകൾ പ്രധാന പങ്ക് വഹിക്കുന്നു.